നടത്തുന്നതിനായി സാമ്പത്തിക സഹായം ചെയ്യുന്നു. ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് പ്രഗത്ഭരായ കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിഭാ സ്കോളർഷിപ്പ്, ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി സാർഡ് (SARD) പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു.

(ബി) സൃഷ്ടി എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഇതുമൂലം വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾ പരിപോഷിപ്പിക്കുന്നു. സ്കൂൾ കുട്ടികളിൽ ശാസ്ത്ര ഗ്രന്ഥപാരായണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

24 (*174) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത . വർദ്ധിപ്പിക്കുന്നതിനും സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് സർവ്വീസിൽ സംരക്ഷണം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) നികുതി ചോർച്ചയും റവന്യൂ വരുമാന നഷ്ടവും വരാനിടയുള്ള വകുപ്പുകളിലും തസ്തികകളിലും കാര്യക്ഷമതയും സത്യസന്ധതയും ഇല്ലാത്തവരെ നിയോഗിച്ചുവരുന്നത് അവസാനിപ്പിക്കാമോ;

(സി) ഉദ്യോഗസ്ഥരുടെ മനഃപൂർവ്വമായ വീഴ്ചകൾക്കും നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള പഴുതൊരുക്കിക്കൊടുക്കലിനുമെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സേവനം ജനങ്ങളിൽ എത്തുന്നതിനും ഇ-ഗവേണൻസ് സംവിധാനം, ഇ-ടെൻഡർ സംവിധാനം മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശരേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. ഐ.എം.ജി., ഡിപ്പാർട്ട്മെന്റ് ഇൻ സർവ്വീസ് ട്രെയിനിംഗ് സ്ഥാപനങ്ങൾ പരിശീലനം നൽകുന്നുണ്ട്. സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ ജോലി തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും സംരക്ഷണം ഉന്നംവച്ചുകൊണ്ടുള്ള 2013-ലെ കേരള ക്രിമിനൽ നിയമ ഭേദഗതി ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നൽകുമ്പോൾ പി.എസ്.സി. മെമ്പർ, വകുപ്പ് സെക്രട്ടറി, വകുപ്പ് തലവൻ എന്നിവരടങ്ങുന്ന വിദഗ്ദസമിതി ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, അച്ചടക്ക നടപടികൾ എന്നിവ പരിശോധിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(സി) ഉദ്യോഗസ്ഥരുടെ മനഃപൂർവ്വമായ വീഴ്ചകൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്. നിലവിൽ KCS & CCA റൂൾസ്, പി.സി. ആക്ട്, കോൺഡക്ട് റൂൾസ്, സെക്രട്ടേറിയറ്റ് മാന്വൽ മുതലായവ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ പര്യാപ്തമാണ്.

പ്രഖ്യാപിത പദ്ധതികളുടെ തുടർ ചെലവുകൾക്കുള്ള ബജറ്റ് തുക

25 (*175) ശ്രീ. ബി. സത്യൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത വർഷങ്ങളിലെ തുടർ ചെലവുകൾ കൃത്യമായി കണക്കാക്കിയതിനുശേഷമാണോ അനുമതി നൽകുന്നത് എന്നറിയിക്കാമോ; 2015-16-ലെ ബജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക ദൃഢീകരണ നടപടിയുടെ പശ്ചാത്തലത്തിൽ വിശദമാക്കാമോ;

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

നിലവിലുള്ള രീതിയനുസരിച്ച് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമേ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കാറുള്ളൂ. ആയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly